പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4370 — 21.03.2018-ൽ മറുപടിയ്ക്ക്

## ലൈറ്റ് മെട്രോ പദ്ധതിയുടെ തടസ്സങ്ങൾ ചർച്ചയിലൂടെ പരിഹരിക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.സി. ജോർജ് | പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) ലൈറ്റ് മെട്രോ പദ്ധതികൾ ഉപേക്ഷിക്കുകയാണെന്ന വാർത്ത ശരിയാണോ; എന്ത് കൊണ്ടാണ് പദ്ധതി വൈകുന്നതെന്ന് വിശദമാക്കുമോ; | (എ) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾ ഉപേക്ഷിക്കുകയാണെന്ന വാർത്ത ശരിയല്ല. കേന്ദ്ര സർക്കാരിന്റെ പങ്കാളിത്തത്തോടെ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയായതിനാൽ കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമായ ശേഷം, പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (ബി) പ്രസ്തുത പദ്ധതിയ്ക്ക് കേന്ദ്രാനുമതി ആവശ്യമാണോ; എങ്കിൽ ഇതിലേയ്ക്കായി സംസ്ഥാനം എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; ഇതിലേയ്ക്കായി കേന്ദ്രവുമായി എന്തെങ്കിലും കത്തിടപാടുകൾ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ; | (ബി) കൊച്ചി മെട്രോ മാതൃകയിൽ കേന്ദ്ര – സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായാണ് തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. അതിനാൽ ഇതിന് കേന്ദ്രാനുമതി ആവശ്യമാണ്. തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾക്ക് 11.09.2015 ലെ ജി.ഒ (എം.എസ്) 74/2015/പി.ഡബ്ള്യൂ.ഡി പ്രകാരം 6728 കോടി (തിരുവനന്തപുരം 4219 കോടി+ കോഴിക്കോട് 2509 കോടി) രൂപയ്ക്ക് കേരള സർക്കാർ ഭരണാനുമതി നൽകി. തുടർന്ന് കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി പ്രസ്തുത പദ്ധതിയുടെ വിശദരൂപരേഖകളും, മറ്റ് വിശദവിവരങ്ങളും 2015 സെപ്റ്റംബറിൽ സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ |

പരിശോധനയുടെ ഭാഗമായി വിവിധ കേന്ദ്ര മന്ത്രാലയങ്ങളുടെയും വകുപ്പുകളുടെയും അഭിപ്രായങ്ങളും സംശയങ്ങളും കേരള സർക്കാരിനെ അറിയിക്കുകയും അവയ്ക്കെല്ലാം മറുപടി / വിശദീകരണം നൽകുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാക്കാനുള്ള ശ്രമങ്ങൾ നടന്നു വരികെ 2017 ആഗസ്റ്റിൽ കേന്ദ്രസർക്കാരിന്റെ പുതിയ മെട്രോ നയം പ്രഖ്യാപിച്ചു. ഇതിൻ പ്രകാരം പുതുക്കിയ പദ്ധതി രേഖ ഡി.എം.ആർ.സി തയ്യാറാക്കി 2017 നവംബറിൽ കേരള സർക്കാരിന് സമർപ്പിച്ചു. ഈ രേഖകളുടെ വിശദ പരിശോധനയ്ക്കായി ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. പരിശോധന പൂർത്തിയായ ശേഷം സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തോടെ കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കുന്നതാണ്.

**(സി)** തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളിൽ നിന്നും ഡി.എം.ആർ.സി. പിന്മാറുന്നതായി അറിയിച്ച് കോർപ്പറേഷൻ മുഖ്യ ഉപദേഷ്ടാവ് ശ്രീ. ഇ.ശ്രീധരൻ എന്തെങ്കിലും കത്ത് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; കോപ്പി ലഭ്യമാക്കുമോ;

**(സി)** തിരുവനന്തപുരം. കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളിൽ നിന്ന് പിൻവാങ്ങുന്നതായി ഡി.എം.ആർ.സി 16.02.2018 -ൽ അറിയിച്ചിട്ടുണ്ട്. കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

**(ഡി)** കേരളത്തിലെ ഡി.എം.ആർ.സി. യുടെ ഓഫീസുകൾ പൂട്ടുവാൻ പോകുന്നു എന്ന വാർത്ത മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പദ്ധതികൾ അടിയന്തരമായി നടപ്പിലാക്കാൻ ബഹു. മുഖ്യമന്ത്രി പ്രത്യേകമായി ഇടപെട്ട് ഇപ്പോഴത്തെ ഈ തടസ്സങ്ങൾ ചർച്ചയിലൂടെ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

**(ഡി)** ഡി.എം.ആർ.സി - യുടെ തിരുവനന്തപുരം. കോഴിക്കോട് ഓഫീസുകളുടെ പ്രവർത്തനം നിർത്തുന്ന വിവരം അവർ 16.02.2018 - ൽ അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

ↄS-PWD

**DELHI METRO RAIL CORPORATION LTD.**

**Dr.E.Sreedharan,**
**Principal Advisor**

No.DMRC/PON/Light Metro/12 16/2/18 Date: 16.02.2018

Principal Secretary
Public Works Department
(Kind Attn. of Shri. G.Kamala Vardhana Rao, Principal Secretary)

Sir,

Sub : **Light Metro projects of Thiruvananthapuram & Kozhikode.**

In response to our letter No.DMRC/PON/Light Metro/12 dated 24.01.2018, neither KRTL nor KRFB has taken any interest or initiative to sign their respective agreements with DMRC by 15th of February. The State Government has also not approved the revised DPRs submitted by DMRC on 23rd November 2017. As the revised DPRs have not been forwarded to Government of India for further processing, Light Metro Projects have not figured in the GoI's budget for 2018-2019. As nothing is moving forward in regard to the two Light Metro projects, with great dismay and disappointment, **DMRC has decided to withdraw from the Light Metro Projects of Thiruvananthapuram and Kozhikode altogether with immediate effect.**

This is also to notify our project offices at Thiruvananthapuram and Kozhikode will be closed down shortly. Any further correspondence in regard to the above two Light Metro Projects may kindly be had with our Corporate Office, Metro Bhawan, Fire Brigade Lane, Barakhamba Road, New Delhi – 110 001.

Yours faithfully,

Dr.E. Sreedharan

Copy to : Ms. Nalini Netto, Chief Principal Secretary to CM – for the kind information of the Hon'ble Chief Minister.
Copy to : PS to Minister for Public Works and Registration – for the kind information of Hon'ble Minister.
Copy to : Shri. Paul Antony, Chief Secretary for his kind information.
Copy to : Shri. Ajit Patil, Managing Director, KRTL for information.
Copy to : Shri. G. Harikesh, Chief Executive Officer, KRFB for information.

Copy to : Shri. S.D.Sharma/DBD/DMRC/Delhi.